# THE VILLAGE INTERNATIONAL SCHOOL

AIM HIGH, TOGETHER WE FLY

"We Nurture Dreams"

| | | |
|---|---|---|
| **Date:31 /7/2024**<br><br>**Grade:X** | **Monthly Test-2(2024-2025) MALAYALAM(012)** | **Max.Marks:20**<br>**Time:1 Hour** |

| | | |
|---|---|---|
| **I** | ഖണ്ഡിക വായിച്ച് ചുവടെ  തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക | **5x1=5** |
| | ഇന്ത്യയിലെ ഏറ്റവും വിശിഷ്ടമായ സാഹിത്യ പുരസ്കാരമാണ് ജ്ഞാനപീഠം.വാഗ്ദേവി ശിൽപം,പ്രശസ്തിപത്രം,5 ലക്ഷം രൂപ എന്നിവ അടങ്ങുന്നതാണ് ഈ സാഹിത്യ അവാർഡ്. ഇന്ത്യയിലെ ഈ പരമോന്നത സാഹിത്യ അവാർഡ് ആദ്യം ലഭിച്ചത് മലയാളത്തിലാണ് എന്നത് നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനും അഭിമാനിക്കാവുന്ന കാര്യമാണ്.1965 പ്രഥമ പുരസ്കാരം ജി. ശങ്കരക്കുറുപ്പ് നേടി.തുടർന്ന് 34 പേർ ഇതുവരെ ഈ പുരസ്കാരം നേടുകയുണ്ടായി.ഓടക്കുഴൽ എന്ന ഗ്രന്ഥമാണ് ജി ശങ്കരക്കുറുപ്പിന് ജ്ഞാനപീഠ പുരസ്കാരം നേടി കൊടുത്തത്.മലയാള സാഹിത്യത്തിലെ നിത്യ സഞ്ചാരിയായ എസ് കെ പൊറ്റക്കാടിന് ഒരു ദേശത്തിന്റെ കഥയ്ക്ക് 1980ൽ ജ്ഞാനപീഠ പുരസ്കാരം ലഭിച്ചു.രണ്ടു നൂറ്റാണ്ടിലെ കുട്ടനാടിന്റെ  കഥ പറയുന്ന  കൃതിയാണ് തകഴിയുടെ കയർ.തകഴിയുടെ സമഗ്ര സംഭാവനയെ മാനിച്ചാണ് അദ്ദേഹത്തിന് 1984 ൽ ജ്ഞാനപീഠ പുരസ്കാരം ലഭിച്ചത്.നാലുകെട്ട്, മഞ്ഞ്,അസുരവിത്ത്,രണ്ടാമൂഴം തുടങ്ങിയവ എം ടി വാസുദേവൻ നായരുടെ പ്രധാന നോവലുകൾ ആണ്.എം ടി യുടെ മുഴുവൻ സംഭാവനകളെയും ആദരിച്ചു കൊണ്ടാണ് അദ്ദേഹത്തിന് ജ്ഞാനപീഠം സമ്മാനിച്ചത്. ജ്ഞാനപീഠ പുരസ്കൃതരായ മലയാളികൾ മലയാളസാഹിത്യത്തിൽ അനശ്വര സംഭാവനകൾ നൽകിയവരാണ് അവർ ഇതര ഭാഷാ സാഹിത്യങ്ങൾക്ക് മുന്നിൽ കൊച്ചു കേരളത്തിന്റെ സാഹിത്യ മൂല്യം അങ്ങേയറ്റം ഉയർത്തിപ്പിടിച്ചു. | |
| **1.** | ഇന്ത്യയിലെ ഏറ്റവും വിശിഷ്ടമായ സാഹിത്യ പുരസ്കാരം ഏത് ? | |

| | | |
|---|---|---|
| **2.** | ഓടക്കുഴൽ എന്ന കൃതിയുടെ രചയിതാവ് ആര്? | |
| **3.** | ജി ശങ്കരക്കുറുപ്പിന് ജ്ഞാനപീഠ പുരസ്കാരം ലഭിച്ച വർഷം ഏത് ? | |
| **4.** | അസുരവിത്ത് എന്ന കൃതിയുടെ രചയിതാവ് ആര്? | |
| **5.** | രണ്ടു നൂറ്റാണ്ടിന്റെ കഥ പറയുന്ന കൃതി ഏത് ? | |
| **II** | ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തിരഞ്ഞെടുത്ത് എഴുതുക | **1x6=6** |
| **6.** | ധീരനായ യതി..... പനിനീർ സുമോപമം<br>പൂവിനോട് ഉപമിച്ചിരിക്കുന്നത് എന്താണ്?<br>(a)ദുര്യോധനന്റെ മുഖം<br>(b)നളിനിയുടെ മുഖം<br>(c)അമ്മയുടെ മുഖം<br>(d)ദിവാകരന്റെ മുഖം | |
| **7.** | താഴെ തന്നിരിക്കുന്നവയിൽ ദുഃഖം എന്ന് അർത്ഥം വരുന്ന പദം ഏത്?<br><br>(a)കൊണ്ടൽ (b)ഇണ്ടൽ<br>(c)സപദി (d) ബ്രഹ്മം | |
| **8.** | മങ്ങിപ്പഴകിയ പിഞ്ഞാണ വർണ്ണമായി കാണപ്പെട്ടതെന്ത്<br>(a)കൈച്ചുള്ളികൾ (b)കണ്ണുകൾ,<br>(c)മുഖം (c)ഓർമ്മകൾ | |
| **9.** | ഇന്നും പഴി പറഞ്ഞേക്കാം മുടങ്ങാതെ വയ്യ തലക്കകത്തെന്തോ പെരുക്കുന്നു<br>ആര് ആരെയാണ് പഴി പറയുന്നത്?<br>(a)അമ്മ മകനെ (b)മകൻ അമ്മയെ (c)ഭാര്യ ഭർത്താവിനെ (d) നാട്ടുകാർ മകനെ) | |
| **10.** | ഏകമർത്ഥിയാം പ്രാണിതൻ ഹിതമൊരിയ്ക്കലീശ്വരൻ<br>ഈ വാക്കുകളിൽ പരാമർശിക്കുന്ന നളിനിയുടെ ഹിതം എന്തായിരുന്നു?<br>(a)ദിവാകര ദർശനം (b)സന്യാസജീവിതം<br>(c)ഗൃഹസ്ഥജീവിതം (d)മോക്ഷ പ്രാപ്തി | |
| **11.** | മകൻറെ യാത്ര എന്തിനുവേണ്ടിയായിരുന്നു?<br>(a)ക്ഷേത്രദർശനത്തിന്<br>(b)ആശുപത്രിയിലേക്ക്<br>(c)അമ്മയെ ഉപേക്ഷിക്കാൻ<br>(d)പട്ടണ കാഴ്ച കാണാൻ | |

| III | തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക | 3x3=9 |
|---|---|---|
| 11. | ഭവാനു പണ്ടിഷ്ടയാം 'നളിനി'ഞാൻ- നളിനി ഇങ്ങനെ തന്നെ പരിചയപ്പെടുത്തിയതിന് കാരണമെന്താവാം? | |
| 12. | സ്വന്തം വീട്ടിൽ നിന്നും ആട്ടിറക്കപ്പെടുന്ന വൃദ്ധമാതാപിതാക്കളുടെ വേദന കൂടിയാണ് "അമ്മത്തൊട്ടിൽ"എന്ന കവിത.നിങ്ങളുടെ അഭിപ്രായം എഴുതുക | |
| 13. | "പോയതൊക്കെയഥവാ നമുക്കയേ<br>പ്രായവും സപദി മാറി കാര്യവും-"<br>ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ  കണ്ടെത്തുക? | |